ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER



# സുവർണശോഭയുള്ള വഴിത്തിരിവ്: യു എ ഇ ആദ്യ ഗോൾഡ് കാർഡ് ഇന്ത്യക്കാർക്ക്.



പ്രവാസ ജീവിതത്തിലെ സുവർണശോഭയുള്ള വഴിത്തിരിവായി 2 ഇന്ത്യക്കാർക്ക് ആദ്യ ഗോൾഡ് കാർഡ്. യു എ ഇയിലെ വിദേശികളുടെ സ്ഥിര താമസത്തിനുള്ള ഗോൾഡ് കാർഡാണ് ദുബായിൽ ബിസിനസുകാരായ വാസു ശ്യാംദാസ് ഷ്റോഫ്, ഖുഷി ഖത് വാനി എന്നീ ഇന്ത്യക്കാർക്ക് ലഭിച്ചത്.

# എക്സിറ്റ് പോൾ ഫലങ്ങൾ വ്യാജം;

## അടുത്ത 24 മണിക്കൂർ നിർണ്ണായകമെന്ന് അണികളോട് രാഹുൽ ഗാന്ധി



പ്രവർത്തകരോട് ജാഗ്രതയോടെ നില കൊള്ളണമെന്ന് രാഹുൽ ആഹ്വാനം ചെയ്തു. വിവിപാറ്റ് ആദ്യം എണ്ണണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളിയ പശ്ചാത്തലത്തിലാണ് രാഹുലിന്റെ പ്രതികരണം.

# എൻ.ഡി.എ അധികാരത്തിലെത്തുന്നത് തടയാൻ പുതുവഴികൾ തേടി ശരത് പവാർ:



ചിരവൈരികളായി നിൽക്കുന്ന പ്രതിപക്ഷത്തെ പറഞ്ഞ് ബോധ്യപ്പെടുത്തി ഒരുമിക്കുകയന്ന ദൗത്യമാണ് ശരത് പവാർ ഏറ്റെടുത്തിരിക്കുന്നത്. വൈ.എസ്.ആർ കോൺഗ്രസ് നേതാവ് ജഗൻ മോഹൻ റെഡ്ഡി, തെലങ്കാന രാഷ്ട്ര സമിതി നേതാവ് കെ. ചന്ദ്രശേഖര റാവു, ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക് തുടങ്ങിയവരുമായി ശരത് പവാർ ബന്ധപ്പെട്ടിട്ടുണ്ടൊണ് റിപ്പോർട്ട്.

# 9941 പ്രൈമറി സ്കൂളുകൾ ഹൈടെക്കാകും; പരിശീലനം നൽകുന്നത് 76349 അധ്യാപകർക്ക്



തിരുവനന്തപുരം :

1 മുതൽ 7 വരെ ക്ലാസുകളുള്ള 9941 പ്രൈമറി സ്കൂളുകളിൽ കിഫ്ബി സഹായധനത്തോടെ ഹൈടെക് ലാബുകൾ സ്ഥാപിക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. 8 മുതൽ 12 വരെ ക്ലാസുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കിയതിന്റെ തുടർച്ചയായാണിത്.

# മഞ്ചേരിയിലെ ആളുമാറി ശസ്ത്രക്രിയ; സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.



ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഭാഗത്ത് ഗുരുതര വീഴ്ചയുള്ളതായി കമ്മീഷൻ അംഗം കെ. മോഹൻകുമാർ ഇടക്കാല ഉത്തരവിൽ നിരീക്ഷിച്ചു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി രണ്ടാഴ്ചക്കകം വിശദീകരണം നൽകണമെന്നും കമ്മീഷൻ ഉത്തരവിട്ടു.

## നടിയെ ആക്രമിച്ച കേസ്:

# ദിലീപ് നൽകിയ ഹർജി തള്ളി



നടിയെ ആക്രമിച്ച കേസിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ദിലീപ് നൽകിയ ഹർജി ഇപ്പോൾ പരിഗണിക്കാനാകില്ലെന്ന് ഹൈക്കോടതി . സുപ്രീംകോടതിയിൽ കേസ് പരിഗണിക്കുന്നതിനാൽ ദിലീപിന്റെ ഹർജി സുപ്രീംകോടതി വിധിക്കുശേഷം പരിഗണിക്കാമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

# യാക്കൂബ് വധക്കേസ്; അഞ്ച് പ്രതികൾക്ക് ജീവപര്യന്തം തടവും 50,000 രൂപ പിഴയും



2006 ജൂൺ 13 നാണ് കേസിനാസ്പദമായ സംഭവം.

സി പി ഐ എം പ്രവർത്തകനായ കണ്ണൂർ കീഴൂർ പുന്നാട്ടെ താണി കല്ല് വളപ്പിൽ യാക്കൂബിനെ (24) സുഹൃത്തിന്റെ വീട്ടിൽ സംസാരിച്ചുകൊണ്ടിരിക്കെ അതിക്രമിച്ച് കടന്ന ബിജെപി പ്രവർത്തകർ രക്ഷപ്പെട്ടോടുന്നതിനിടെ ബോംബെറിഞ്ഞ് കൊലപ്പെടുത്തുകയായിരുന്നു.

22
WEDNESDAY
MAY 2019
ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER


# വാഹനം വഴിയിൽ കുടുങ്ങിയാൽ പേടിക്കേണ്ട; ഉടനെത്തും 'റോഡ്സൈഡ് അസിസ്റ്റൻസ്'



**ഷാർജ** : നിങ്ങളുടെ വാഹനത്തിന്റെ ടയർ പഞ്ചർ, ബാറ്ററി തകരാർ, യന്ത്ര തകരാർ, ഇന്ധനം തീരൽ തുടങ്ങിയവ മൂലം വഴിയിൽക്കുടുങ്ങിയാൽ ഇനി പേടിക്കേണ്ട, സേവനവുമായി റാഫിദ് വിഭാഗമെത്തും. ഷാർജ പൊലീസുമായി സഹകരിച്ചാണ് പദ്ധതി. 'റോഡ്സൈഡ് അസിസ്റ്റൻസ്' എന്ന പേരിലാണ് റാഫിദ് സേവനത്തിനിറങ്ങുക.

# കൊച്ചിയിൽ 10 കോടി രൂപയുടെ ചരസ് പിടികൂടി; എക്സൈസുകാർക്ക് നേരെ തോക്കെടുത്ത് പ്രതി




പിടിച്ചെടുത്ത ചരസിന് അന്താരാഷ്ട്ര വിപണിയിൽ 10 കോടി രൂപയോളം വിലമതിക്കുമെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. സംഭവത്തിൽ മൂലമ്പിള്ളി സ്വദേശി ജൂഡ്സൺ പിടിയിലായിട്ടുണ്ട്. എക്സൈസ് സംഘത്തിന് നേരെ പ്രതി വെടിവെയ്ക്കാൻ ശ്രമിച്ചതായും ഇയാളിൽ നിന്ന് തോക്ക് കണ്ടെടുത്തതായും എക്സൈസ് അറിയിച്ചു.

# അട്ടിമറി ഭയം; പലയിടങ്ങളിലും വോട്ടിങ് മെഷീനുകൾക്ക് പ്രതിപക്ഷ പാർട്ടികളുടെ കാവൽ



രാജ്യത്തെ പല സംസ്ഥാനങ്ങളിലും അതീവ സുരക്ഷയോടെ വോട്ടിങ് മെഷീനുകൾ സൂക്ഷിച്ച സ്റ്റോർ റൂമുകളിൽ 24 മണിക്കൂറും കാവൽ നിൽക്കുകയാണ് കോൺഗ്രസ് ഉൾപ്പടെയുള്ള പ്രതിപക്ഷ പാർട്ടികളുടെ പ്രവർത്തകർ. പല സ്ഥലങ്ങളിലും സ്ഥാനാർഥികൾ നേരിട്ടും സ്റ്റോർ റൂമുകൾക്ക് കാവൽ നിൽക്കുന്നുണ്ട്

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.03 PM | 7.07 PM | 7.03 PM | 7.03 PM | 6.57 PM | 6.59 PM | 6.59 PM |

## തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം
## ചൂടാറാതെ
# ദുബായ് വാർത്ത
## ഫേസ്ബുക്ക് പ്ലാറ്റ് ഫോമിലൂടെ
# തത്സമയം
## നാളെ രാവിലെ 6.30 മുതൽ..

